(ബി) പ്രസ്തുത പദ്ധതികൾ സുതാര്യമായും, അഴിമതി രഹിതമായും പൂർത്തീകരിക്കുന്നതിനാവശ്യമായ സത്വര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) അതിരപ്പിള്ളി പഞ്ചായത്തിലെ ഷോളയാർ, ആനക്കയം, പെരിങ്ങൽ, പെരുമ്പാറ, വാഴച്ചാൽ എന്നീ കാടർ കോളനികളിൽ നടപ്പാക്കുന്ന ഭവന നിർമ്മാണ പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ്. വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

പെരുമ്പാറ, ഷോളയാർ, ആനക്കയം എന്നീ കോളനികളിൽ നടപ്പാക്കിയ മണ്ണ്/ജലസംരക്ഷണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്.

പ്രത്യേക പോഷകാഹാര വിതരണ പദ്ധതി പ്രകാരം കോളനികളിൽ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്തുവരുന്നു.

മെഡിക്കൽ മൊബൈൽ യൂണിറ്റുകൾ കോളനികളിൽ മെഡിക്കൽ ക്യാമ്പുകൾ നടത്തിവരുന്നു.

(ബി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഹാംലറ്റ് പദ്ധതി

291 (661) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായികവും ഹജ്ജും വഖഫും മന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹാംലറ്റ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തി മട്ടന്നൂർ നിയോജക മണ്ഡലത്തിലെ കോളയാട് ഗ്രാമപഞ്ചായത്തിലെ ചെക്യേരി എസ്. റ്റി. കോളനിയിലെ ഏതെല്ലാം പ്രവൃത്തികളാണ് ഏറ്റെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ഓരോ പ്രവൃത്തികളും ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നും എപ്പോൾ പൂർത്തീകരിക്കുമെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം, കമ്മ്യൂണിറ്റി ഹാളിൽ കമ്പ്യൂട്ടർ, ടി.വി. വിതരണം, ചെക്യേരി-ഐരാണിക്കുണ്ട് റോഡ് ടാറിംഗ് (ആദ്യഭാഗം). ചെക്യേരി - കുട്ടിയടുപ്പ് റോഡ് ടാറിംഗ്, ചെക്യേരി - ഐരാണിക്കുണ്ട് റോഡ് ടാറിംഗ് (രണ്ടാം ഭാഗം), അമ്പലപ്പറമ്പ് റോഡ് ടാറിംഗ് (250m), ഓട്ടോറിക്ഷ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

വാങ്ങി നൽകൽ, ഓട്ടോ ഡ്രൈവിംഗ് പരിശീലനം, കമ്പ്യൂട്ടർ പരിശീലനം (4 മാസം സർട്ടിഫിക്കറ്റ് കോഴ്സ്), 12 പേർക്ക് തയ്യൽ പരിശീലനം, തയ്യൽ മെഷീൻ വിതരണം, തെരുവ് വിളക്ക് സ്ഥാപിക്കൽ എന്നീ പ്രവൃത്തികളാണ് ചെക്യേരി പട്ടികവർഗ്ഗ കോളനിയിൽ നടപ്പാക്കിവരുന്നത്.

(ബി) നിർമ്മാണ പുരോഗതി വിവരം അനുബന്ധമായി ചേർക്കുന്നു.*

ചാലക്കുടി പ്രീ-മെട്രിക് ഹോസ്റ്റൽ

292 (662) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടി ഗവൺമെന്റ് ഗേൾസ് ഹൈസ്കൂൾ കോമ്പൗണ്ടിൽ 46 സെന്റ് സ്ഥലം, ഉടമസ്ഥാവകാശം വിദ്യാഭ്യാസ വകുപ്പിൽ തന്നെ നിലനിർത്തി, പട്ടിക വർഗ്ഗ വിഭാഗക്കാരായ പെൺകുട്ടികൾക്കായി ഒരു പ്രീമെട്രിക് ഹോസ്റ്റൽ നിർമ്മിക്കുന്നതിനായുള്ള നടപടികൾ ഏതു ഘട്ടത്തിലാണ് എന്ന് അറിയിക്കുമോ ;

(ബി) കെട്ടിട നിർമ്മാണത്തിനായി അനുമതി ലഭ്യമാക്കുന്നതിനാവശ്യമായ അടിയന്തര നടപടികൾ സർക്കാർ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ചാലക്കുടി ഗവൺമെന്റ് ഗേൾസ് ഹൈസ്കൂളിന്റെ കൈവശമുള്ള 46 സെന്റ് സ്ഥലത്തിന്റെ ഉടമസ്ഥാവകാശം പൊതു വിദ്യാഭ്യാസ വകുപ്പിൽ നിലനിർത്തി ചാലക്കുടി പ്രീമെട്രിക് ഹോസ്റ്റൽ (ഗേൾസ്) കെട്ടിടം നിർമ്മിക്കുന്നതിന് പൊതു വിദ്യാഭ്യാസ വകുപ്പിന്റെ അനുമതി ലഭ്യമായിട്ടില്ല. ആയത് ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ഹാംലറ്റ് പദ്ധതി

293 (663) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹാംലെറ്റ് പദ്ധതിയിൽ ഉൾപ്പെടുത്തിയ റാന്നി നിയോജക മണ്ഡലത്തിലെ പട്ടികവർഗ്ഗ കോളനികൾ ഏതൊക്കെ ; എന്തൊക്കെ പദ്ധതികളാണ് ഓരോ കോളനിയിലും നടപ്പാക്കാൻ നിശ്ചയിച്ചിരിക്കുന്നത് എന്ന് കോളനി തിരിച്ച് വ്യക്തമാക്കാമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly